2026
JANUARY
20
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# തീരുവയുദ്ധം: യുഎസിന് തിരിച്ചടി നൽകി ഇന്ത്യ

**ന്യൂഡൽഹി:** ഇന്ത്യയ്ക്കുമേൽ 50% തീരുവ അടിച്ചേൽപ്പിച്ച യുഎസിനെ തീരുവകൊണ്ടുതന്നെ തിരിച്ചടിച്ച് ഇന്ത്യ. യുഎസ് ഇന്ത്യയിലേക്ക് വലിയ തോതിൽ കയറ്റുമതി ചെയ്തിരുന്ന പയറുവർഗങ്ങൾക്ക് കഴിഞ്ഞ നവംബർ ഒന്നിന് പ്രാബല്യത്തിൽവന്ന വിധം 30% തീരുവയാണ് ഇന്ത്യ ഏർപ്പെടുത്തിയത്. ഈ നടപടിക്ക് കേന്ദ്രം കാര്യമായ പ്രചാരണം നൽകിയിരുന്നില്ല.

ഏറക്കുറെ നാമമാത്രമായിരുന്ന തീരുവയാണ് ഇന്ത്യ ഒറ്റയടിക്ക് 30 ശതമാനത്തിലേക്ക് ഉയർത്തിയത്. ഇന്ത്യയുടെ നടപടി അമേരിക്കൻ കർഷകർക്കും കയറ്റുമതിക്കാർക്കും കനത്ത തിരിച്ചടിയാണെന്നും തീരുവ കുറയ്ക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കുമേൽ പ്രസിഡന്റ് ട്രംപ് സമ്മർദം ചെലുത്തണമെന്നും രണ്ട് യുഎസ് സെനറ്റർമാർ ആവശ്യപ്പെട്ടു.

സെനറ്റർമാരായ കെവിൻ ക്രാമർ, സ്റ്റീവ് ഡെയിൻസ് എന്നിവരാണ് ട്രംപിന് കത്തയച്ചത്. ഈ കത്ത് പുറത്തുവന്നതോടെയാണ് ഇന്ത്യ തീരുവ കൂട്ടിയ വിവരവും പുറത്തായത്.



തീരുവ കുറയ്ക്കാനും ഇന്ത്യൻ വിപണിയിലേക്ക് യുഎസ് ഉൽപന്നങ്ങളുടെ പ്രവേശനം സുഗമമാക്കാനും ട്രംപ് ഇടപെടണമെന്ന് സെനറ്റർമാർ ആവശ്യപ്പെട്ടു. ഇന്ത്യയുമായി വ്യാപാരക്കരാർ ഉറപ്പിക്കുംമുൻപ് ട്രംപ് ഇടപെടണമെന്നാണ് ആവശ്യം.

യുഎസിലെ നോർത്ത് ഡെക്കോഡയിലെ പ്രതിനിധിയാണ് കെവിൻ ക്രാമർ. സ്റ്റീവ് ഡെയിൻസ് മോണ്ടാനയിലെയും. യുഎസിൽ പയറുവർഗങ്ങളുടെ ഏറ്റവും വലിയ ഉൽപാദക കേന്ദ്രങ്ങളാണ് നോർത്ത് ഡെക്കോഡയും മോണ്ടാനയും. ഇവിടങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ വലിയൊരുപങ്ക് വാങ്ങുന്നത് ഇന്ത്യയാണ്. ഈ സാഹചര്യത്തിൽ തീരുവ 30 ശതമാനമാക്കി കുത്തനെ കൂട്ടിയ ഇന്ത്യയുടെ തീരുമാനം വൻ തിരിച്ചടിയാണെന്ന് ഇരുവരും കത്തിൽ പറയുന്നു. കടുത്ത മത്സരമുള്ള ഇന്ത്യൻ വിപണി അമേരിക്കയ്ക്ക് നഷ്ടമാകുന്ന സ്ഥിതിയാണുള്ളതെന്നും കത്തിലുണ്ട്.

ഇന്ത്യയുഎസ് വ്യാപാരക്കരാർ സംബന്ധിച്ച പ്രഖ്യാപനം അനിശ്ചിതമായി നീളുന്നതിനിടെയാണ് പുതിയ തീരുവപ്പോര് എന്നതും ശ്രദ്ധേയം. ഇന്ത്യയുടെ കാർഷിക, ക്ഷീര വിപണി തുറന്നുകിട്ടണമെന്ന് ട്രംപ് ആവശ്യപ്പെട്ടിരുന്നു. അമേരിക്കൻ കാർഷിക, ക്ഷീര ഉൽപന്നങ്ങളുടെ തീരുവ ഒഴിവാക്കുക, ഇന്ത്യയിൽ വ്യാപകമായ വിപണി ഉറപ്പാക്കുക എന്നീ ആവശ്യങ്ങളാണ് ട്രംപ് ഉന്നയിക്കുന്നത്. എന്നാൽ, ഇവ അംഗീകരിക്കുന്നത് ഇന്ത്യയിലെ കർഷകർക്ക് കനത്ത ആഘാതമാകും. ട്രംപിന്റെ ആവശ്യത്തിന് വഴങ്ങിയാൽ മറ്റൊരു കർഷക പ്രക്ഷോഭവും പ്രതിപക്ഷ പ്രതിഷേധങ്ങളും മോദി സർക്കാർ നേരിടേണ്ടിവരും. ട്രംപിന്റെ ആവശ്യങ്ങൾക്ക് മുൻപിൽ വിട്ടുവീഴ്ച വേണ്ടെന്ന ഇന്ത്യയുടെ നിലപാടാണ് വ്യാപാരക്കരാർ പ്രഖ്യാപനം നീളാൻ ഇടയാക്കുന്നതെന്നും സൂചനകളുണ്ട്.



## കണ്ണൂർ–ലണ്ടൻ കണക്ഷൻ സർവീസുമായി എയർ ഇന്ത്യ എക്സ്പ്രസും ഇൻഡിഗോയും

**മട്ടന്നൂർ:** കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽനിന്നു ലണ്ടനിലെ ഹീത്രുവിലേക്ക് കണക്ഷൻ സർവീസുകളുമായി എയർ ഇന്ത്യ എക്സ്പ്രസും ഇൻഡിഗോയും. ബംഗളൂരു വഴിയാണ് എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് തുടങ്ങിയത്.

എയർ ഇന്ത്യയാണ് ബംഗളൂരു-ഹീത്രു സർവീസ് നടത്തുന്നത്. കണ്ണൂരിൽനിന്നു രാവിലെ 10.15നു പുറപ്പെട്ട് 11.25ന് ബംഗളൂരുവിലെത്തും. 2.10ന് ബംഗളൂരുവിൽനിന്ന് പുറപ്പെടുന്ന വിമാനം 7.30ന് ലണ്ടൻ ഹീത്രുവിലെത്തും. തിരികെ 9.05ന് ഹീത്രുവിൽനിന്നു പുറപ്പെട്ട് 12.20 ന് ബംഗളൂരുവിലെത്തും. കണ്ണൂരിലേക്കുള്ള വിമാനം പിറ്റേന്നു രാവിലെ 8.35ന് പുറപ്പെട്ട് 9.40ന് കണ്ണൂരിൽ എത്തിച്ചേരും.

ഫെബ്രുവരി ആറുമുതൽ ഡൽഹി വഴിയാണ് ഇൻഡിഗോയുടെ ഹീത്രു സർവീസ്. തിങ്കൾ, ചൊവ്വ, വെള്ളി, ശനി ദിവസങ്ങളിലാണു സർവീസ് നടത്തുക. രാവിലെ 6.05ന് പുറപ്പെട്ട് 8.55ന് ഡൽഹിയിലെത്തും. ദൽഹി–ഹീത്രു വൈഡ് ബോഡി വിമാനം 11.55ന് ദൽഹിയിൽ നിന്നു പുറപ്പെട്ട് 5.10ന് ഹീത്രുവിലെത്തും. തിരികെ 7.10ന് ഹീത്രുവിൽ നിന്നു പുറപ്പെട്ട് 10.10ന് ദൽഹിയിലെത്തും. 9.45ന് ഡൽഹിയിൽനിന്ന് പുറപ്പെട്ട് അർധരാത്രി 12.45ന് കണ്ണൂരിലെത്തും.

വടക്കൻ കേരളത്തിൽനിന്നും മറ്റുമുള്ള യാത്രക്കാർക്ക് ഈ സർവീസ് ആശ്വാസമാകും. ഈ മേഖലയിൽ അതിവേഗ കണക്ഷൻ വിമാന സർവീസുകൾ യാത്രക്കാരുടെ സുഖസൗകര്യങ്ങൾ ഗണ്യമായി വർധിപ്പിക്കുന്നുണ്ട്. മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, വിമാനത്തിനുള്ളിലെ സൗകര്യങ്ങൾ, വർധിച്ച ബാഗേജ് ശേഷി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ലണ്ടനിലേക്കുള്ള മെച്ചപ്പെട്ട കണക്റ്റിവിറ്റി എൻആർഐകൾ, ബിസിനസ് യാത്രക്കാർ, വിദ്യാർഥികൾ, വിനോദസഞ്ചാരികൾ എന്നിവർക്കു ഗുണം ചെയ്യുമെന്നു പ്രതീക്ഷിക്കുന്നതായി വിമാനത്താവള അധികൃതർ അറിയിച്ചു.

## യുപിഐ ഇടപാടുകൾ കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഇന്ത്യ

**ന്യൂഡൽഹി:** ഡിജിറ്റൽ പേയ്മെൻറ് സംവിധാനമായ യുപിഐ കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിക്കാനൊരുങ്ങി ഇന്ത്യ. കിഴക്കൻ ഏഷ്യയിൽ കേന്ദ്രീകരിച്ച് യുപിഐ വ്യാപിക്കാനാണ് ശ്രമിക്കുന്നതെന്ന് ധനകാര്യ സേവന സെക്രട്ടറി എം.നാഗരാജു പറഞ്ഞു. ഭൂട്ടാൻ, സിംഗപൂർ, ഖത്തർ, മൗറീഷ്യസ്, നേപ്പാൾ, യുഎഇ, ശ്രീലങ്ക, ഫ്രാൻസ് എന്നി എട്ട് രാജ്യങ്ങളിൽ നിലവിൽ യുപിഐ സംവിധാനം പ്രവർത്തിക്കുന്നുണ്ട്.

ഡിജിറ്റൽ ഇടപാടുകളിൽ ഇന്ത്യ 50ശതമാനമാണെന്നും എം.നാഗരാജു പറഞ്ഞു. 2025 ഡിസംബറിൽ യുപിഐ ഇടപാടുകൾ 21 ബില്യണിലധികം കടന്നതായും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ എല്ലാകോണുകളിലും ബാങ്കിങ്ടച്ച് പോയിൻറുകൾ ഉറപ്പാക്കാൻ സർക്കാർ പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ചെറുവള്ളി എസ്റ്റേറ്റിൽ സർക്കാരിന് അവകാശമില്ലെന്ന് കോടതി; കനത്ത പ്രഹരം

**കോട്ടയം:** ശബരിമല വിമാനത്താവളത്തിനുള്ള ഭൂമിയായി കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റിൽ സർക്കാരിന് അവകാശമില്ലെന്ന് പാലാ സബ് കോടതി. സർക്കാരിന്റെ ഹർജി തള്ളി. ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് സംസ്ഥാന സർക്കാരും ഗോസ്പൽ ഫോർ ഏഷ്യയും (അയന ചാരിറ്റബിൾ ട്രസ്റ്റ്) തമ്മിലുള്ള കേസിലായിരുന്നു കോടതി വിധി. ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥരായ അയന ചാരിറ്റബിൾ ട്രസ്റ്റ് നൽകിയ ഹർജിയിലാണ് ഉത്തരവ്.

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി എരുമേലി മണിമല വില്ലേജിലെ ചെറുവള്ളി എസ്റ്റേറ്റും സമീപപ്രദേശങ്ങളും ഉൾപ്പെടെ 2570 ഏക്കർ ഏറ്റെടുക്കാനുള്ള സർക്കാരിന്റെ പ്രാഥമിക വിജ്ഞാപനം ഹൈക്കോടതി സിംഗിൾ ബെഞ്ച് റദ്ദാക്കിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് എതിർപ്പുണ്ടെങ്കിൽ രേഖപ്പെടുത്താൻ ഏപ്രിൽ 25നു പ്രസിദ്ധീകരിച്ചതായിരുന്നു വിജ്ഞാപനം. വലിയ വിമാനത്താവളത്തിനു പോലും 1200 ഏക്കർ മതിയെന്നിരിക്കെ ഇവിടെ എന്തിനാണ് ഇത്രയധികം ഭൂമിയെന്ന് കോടതി ചോദിച്ചു.






# ഇന്നത്തെ പരിപാടികൾ

### ചേർത്തല

■ **അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ബസിലിക്ക:** വിശുദ്ധ സെബാസ്ത്യാനോസിന്റെ തിരുനാൾ– രാവിലെ 11ന്.

### കാലടി

■ **ശ്രീകൃഷ്ണസ്വാമി ക്ഷേത്രം:** തിരുവുത്സവം – രാത്രി 8.30ന്.

### മുവാറ്റുപുഴ

■ **ഉമാമഹേശ്വര ക്ഷേത്രം:** പുന പ്രതിഷ്ഠ മഹോത്സവം – വൈകീട്ട് 6.30 മുതൽ.

### കളമശേരി

■ **നോർത്ത് കളമശേരി കുഴിക്കാട്ടുകടവ് ഭഗവതി ക്ഷേത്രം:** മകരച്ചൊവ്വ പൊങ്കാല മഹോത്സവം – വൈകിട്ട് 5ന്.

### കൊച്ചി

■ **എറണാകുളം മുൻസിപ്പൽ ടൗൺ ഹാൾ:** സംസ്ഥാന തല തപാൽ സ്റ്റാമ്പ് പ്രദർശനം– രാവിലെ 10 മുതൽ.

# സ്വകാര്യബസുകൾക്ക് കടിഞ്ഞാൺ വേണം; ഷാഡോ പോലീസിനെ വിന്യസിപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** യാതൊരു നിയന്ത്രണവുമില്ലാതെ നഗരത്തിൽ മത്സരയോട്ടം നടത്തുന്ന സ്വകാര്യബസുകളുടെ നിയമലംഘനങ്ങൾ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കാൻ സ്വകാര്യ ബസുകളിൽ ഷാഡോ പോലീസിനെ വിന്യസിപ്പിക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ച് നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി. വഴിയടച്ച് വാഹനം നിർത്തിയും മറ്റ് വാഹനങ്ങൾക്കിടയിലൂടെ കുത്തിക്കയറ്റിയും മണിക്കൂറുകൾ നീളുന്ന ഗതാഗതതടസത്തിന് കാരണമാകുന്ന സ്വകാര്യ ബസുകളെ കുറിച്ചുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. സ്വകാര്യ ബസുകളുടെ മത്സരയോട്ടം കാരണം ടൗൺ ഹാൾ ജംഗ്ക്ഷനിലും കളമശേരിയിലുമുണ്ടായ അപകടങ്ങളിൽ ജീവൻ നഷ്ടമായ സംഭവത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസുകൾ കമ്മീഷന്റെ പരിഗണനയിലാണ്. ഇതിനുപുറമേയാണ് പുതിയ കേസ് രജിസ്റ്റർ ചെയ്തത്.

അസി. കമ്മീഷണർ ഓഫ് പോലീസ് ( ട്രാഫിക്), ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർ പരാതികളെ കുറിച്ച് അന്വേഷിക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ജില്ലാ പോലീസ് മേധാവിക്കും (സിറ്റി) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും നിർദ്ദേശം നൽകി. റോഡിന്റെ ഇടതുവശം ചേർന്നല്ലാതെ നിർത്തി ആളെകയറ്റുക, ലെയിൻ ട്രാഫിക് പാലിക്കാതിരിക്കുക, ജംഗ്ക്ഷനുകളിൽ ഫ്രീ ലെഫ്റ്റ് അനുവദിക്കാതെ വഴി തടഞ്ഞുനിർത്തുക, സൈലൻസ് സോണിൽ നിരോധിത ഹോൺ ഉപയോഗിക്കുക ഇടതുവശം ചേർന്ന് ഓവർടേക്ക് ചെയ്യുക, ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുക, മറ്റ് വാഹനങ്ങൾ ഒടിക്കുന്നവരെ ഭയപ്പെടുത്തുക തുടങ്ങിയ പരാതികൾ സ്വകാര്യ ബസ് ജീവനക്കാരെ കുറിച്ച് ഉണ്ടായിട്ടും പോലിസ് നിർജീവമാണെന്നാണ് ആക്ഷേപം. ഇത്തരം പരാതികൾ ഗൗരവമായി പരിശോധിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. സ്വകാര്യ ബസുകളുടെ മത്സരയോട്ടം കാരണം വൈറ്റില, ഇടപ്പള്ളി, കലൂർ, പാലാരിവട്ടം എന്നിവിടങ്ങളിലുണ്ടാകുന്ന ഗതാഗതകുരുക്കും പരിശോധിക്കണം. സ്വകാര്യബസുകളുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുന്നതിന് കർശനവും ശക്തവുമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവിയും ആർ റ്റി ഒയും മടിക്കരുതെന്ന് കമമീഷൻ നിർദ്ദേശിച്ചു. റോഡ് സുരക്ഷാ കമ്മീഷണർ മോട്ടോർ വെഹിക്കിൾസ്, പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ജില്ലാ പോലീസ് മേധാവി, ആർ.റ്റി. ഒ, റോഡ് സുരക്ഷാ കമ്മീഷണർ എന്നിവർ ഒരുമാസത്തിനകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണം. ജനുവരി 22 ന് രാവിലെ 10 ന് പത്തടിപാലം റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ ഇവർ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

# സിഡിഎസ് : അക്കൗണ്ടന്റ് ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലുള്ള കുടുംബശ്രീ സിഡിഎസുകളിൽ അക്കൗണ്ടന്റ് ഒഴിവിലേക്ക് നിശ്ചിത യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഒഴിവുകളുടെ എണ്ണം മൂന്ന്.

അപേക്ഷകർ കൂട്ടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗംമോ, ഓക്സിലറി ഗ്രൂപ്പ് അംഗമോ ആയിരിക്കണം. 29.09.2025 തീയതിയിലെ വിജ്ഞാപന പ്രകാരം അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ആശ്രയ കുടുംബാംഗം/ഭിന്നശേഷി വിഭാഗം എന്നിവർക്ക് മുൻഗണന. അപേക്ഷകർ ജില്ലയിൽ സ്ഥിര താമസക്കാരായിരിക്കണം. നിലവിൽ മറ്റു ജില്ലകളിൽ സിഡിഎസ് അക്കൗണ്ടന്റായി സേവനമനുഷ്ഠിക്കുന്നവർക്ക് ഈ നിബന്ധന ബാധകമല്ല.

അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബി.കോം ബിരുദവും, ടാലി യോഗ്യതയും, യകമ്പ്യൂട്ടർ പരിജ്ഞാനവും ഉണ്ടായിരിക്കണം. അക്കൗണ്ടിംഗിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. (സർക്കാർ/അർധ സർക്കാർ/സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ/സഹകരണ സംഘങ്ങൾ സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ അക്കൗണ്ടിംഗിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന).

പ്രായപരിധി 20 നും 35 നും മദ്ധ്യേ. നിലവിൽ കുടുംബശ്രീ സിഡിഎസുകളിൽ അക്കൗണ്ടന്റായി പ്രവർത്തിച്ചവർക്ക് 40 വയസ്സ് വരെ അപേക്ഷിക്കാവുന്നതാണ്. സംവരണ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് ഉണ്ടായിരിക്കും. അപേക്ഷകൾ കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ് സൈറ്റിൽ വഴിയോ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 27 വൈകുന്നേരം 5 മണി വരെ. ഫോൺ : 0484–2926787

# നവീകരണത്തിന് പരിവർത്തനം അനിവാര്യം: കെ.എം.എം

**കൊച്ചി:** അതിജീവനത്തിനും നവീകരണത്തിനുമായി പരിവർത്തനത്തിന് വിധേയമാകണമെന്ന നിർദ്ദേശത്തോടെ 43ാമത് കേരള മാനേജ്മെന്റ് അസോസിയേഷൻ വാർഷിക കൺവൻഷൻ സമാപിച്ചു. സമാപന ചടങ്ങിൽ ബെയ്ൻ ആൻഡ് കമ്പനി അഡ്വൈസറും വി എസ് ടി ഇൻഡസ്ട്രീസ് ചെയർമാനുമായ നരേഷ് കുമാർ സേഥി മുഖ്യാതിഥിയായിരുന്നു. അസ്വസ്ഥരായ മനുഷ്യരുടെ ചുമലുകളിലാണ് നാം ഇന്ന് നിൽക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വെല്ലുവിളികളാണ് കണ്ടുപിടുത്തങ്ങളിലേക്കും പുതിയ ആശയങ്ങളിലേക്കും നയിച്ചത്. പരിവർത്തനം എന്നത് പുതിയ കാര്യമല്ല. വിപ്ലവകരമായ എല്ലാ മാറ്റങ്ങളും കാലഘട്ടം ആവശ്യപ്പെടുന്നതായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ട്രംപ് യു എസ് പ്രസിഡന്റായി രണ്ടാമതും അധികാരമേറ്റതിന്ശേഷം കൂടുതൽ യാഥാസ്ഥിതികമാകുന്ന അമേരിക്കയും, വ്യാപാരത്തിലും സാങ്കേതിക വിദ്യയിലുമായി നീളുന്ന സൂക്ഷ്മവും സങ്കീർണ്ണവുമായ അമേരിക്കചൈന മത്സരവും, രാജ്യങ്ങൾ തമ്മിലുള്ള പെരുമാറ്റം നിയന്ത്രിക്കുന്ന മാനദണ്ഡങ്ങളുടെയും സ്ഥാപനങ്ങളുടെയും ദുർബലതയുമാണ് കാണാനാവുന്നതെന്ന് പരിവർത്തനാത്മക നേതൃത്വം: ഭൗമരാഷ്ട്രീയത്തിൽ നിന്നുള്ള പാഠങ്ങൾ എന്ന വിഷയത്തിൽ സംസാരിച്ച മുൻ വിദേശകാര്യ സെക്രട്ടറി നിരുപമ റാവു പറഞ്ഞു. അമേരിക്കയുടെ സ്ഥാനം അത്യന്തം അടിയന്തര പ്രാധാന്യമുള്ളതായിരിക്കുമ്പോഴും ആഗോള ശക്തിയായി നിലകൊള്ളുകയാണ്. പുതിയ യു എസ് സമീപനം ആഗോള നേതൃത്വം എന്ന നിലയിൽ വ്യക്തമായ ദിശയില്ലാതെയാണ് ലോകത്ത് നിലകൊള്ളുന്നത്.

ഇന്ത്യ കഴിഞ്ഞ പല ദശകങ്ങളിലായി അതിശയകരമായി വളർന്നിട്ടുണ്ടെന്ന് നിരുപമ റാവു പറഞ്ഞു. ഇന്ത്യ മുമ്പ് കണ്ടതുപോലെ അല്ലെന്നത്ലോകത്തെ ഞെട്ടിച്ചിരിക്കുകയാണെന്നും അവർ പറഞ്ഞു. ഇന്ത്യയുടെ അടിസ്ഥാന സൗകര്യ രംഗത്തെ മാറ്റങ്ങൾക്ക് വളരെ പെട്ടെന്ന് സാധ്യമായതിന് പ്രധാന കാരണം അവ നടപ്പാക്കാനുള്ള ശേഷിയാണെന്ന് നെറ്റ്വർക്സ് ഹ്യുമാനിറ്റി സഹ സ്ഥാപകനും ചീഫ് ആർക്കിടെക്ടുമായ ഡോ. പ്രമോദ് വർമ പറഞ്ഞു. ഹ്യുമൻ സ്കെയിൽ ട്രാൻഫോർമേഷൻ എന്ന വിഷയത്തിൽ ഗ്രാന്റ് ഹയാത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ തന്നെ പല സംരംഭങ്ങളിലും പാടുപെടുന്നുണ്ടെങ്കിലും 'ഒരു ലോകം' എന്ന ആശയത്തിലേക്ക് നാം ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ക്രമവും ഘടനയും നാം ഒരുമിച്ച് രൂപപ്പെടുത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. 2009ന് ശേഷം മറ്റ് രാജ്യങ്ങൾ പല വഴികളിലൂടെ മുന്നോട്ട് പോയെങ്കിലും ഇന്ത്യ സാമൂഹിക സംവിധാനങ്ങളിൽ സ്മാർട്ട് മൈഗ്രേഷൻ പോലുള്ള ആശയങ്ങൾ ആദ്യം നടപ്പാക്കിയ രാജ്യങ്ങളിലൊന്നായിരുന്നു, അദ്ദേഹം പറഞ്ഞു.

ആനന്ദ് കുൽക്കർണി, നവാസ് മീരാൻ, രാജ് രാഘവൻ, വിനോദ് തരകൻ, പ്രൊഫ. ഹെലെ ഹാരിസൺ, ഡോ. കൃഷ്ണദാസ് ഗെയ്ടോൻഡ്, ഡോ. ബിജോയ് ഈരാറ്റിൽ, ശ്രീവത്സൻ അപരാജിതൻ, ഡോ. നളന്ദ ജയദേവ്, ഡോ. നേഗിഷ് ഗൗനിക്കർ , ഡോ. എസ് ജ്യോതി നീരജ, ഷീന സിംഗ്, ഇബ്രാഹിം ഹവാസ് എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

സമാപന ചടങ്ങിൽ കെഎംഎ പ്രസിഡന്റ് കെ ഹരികുമാർ, മുൻ ഡിജിപി ഹോർമിസ് തരകൻ എന്നിവരും പങ്കെടുത്തു. ഓണററി ജോ.സെക്രട്ടറി ലേഖ ബാലചന്ദ്രൻ നന്ദി പറഞ്ഞു.

# കണക്ട് ടു വർക്ക് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരളത്തിലെ യുവതി യുവാക്കളിൽ നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും പി. എസ്. സി, യു.പി. എസ്. സി, എസ്.എസ്. സി, എസ്. എസ്. ബി, ബാങ്ക്, റെയിൽവേ തുടങ്ങിയ മറ്റു മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന വർക്കും പ്രതിമാസം ആയിരം രൂപ സാമ്പത്തിക സഹായം നൽകുന്ന മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായം 18-30. യോഗ്യത: പ്ലസ് ടു/ വി എച്ച് എസ് സി/ ഐടിഐ/ ഡിപ്ലോമ ഡിഗ്രി. www.eemployment.kerala.gov.in പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04842422458.

# എറണാകുളം ശിവ ക്ഷേത്ര തിരുവുത്സവം ജനുവരി 23 മുതൽ

**കൊച്ചി:** എറണാകുളം ശിവ ക്ഷേത്രത്തിലെ എറണാകുളത്തപ്പന്റെ തിരുവുത്സവം ജനുവരി 23 മുതൽ 30 വരെ ആഘോഷിക്കും. ജനുവരി 23 ന് വൈകുന്നേരം 7 മണിയ്ക്ക് ഉത്സവം കൊടിയേറും. ആയിരത്തിലധികം കലാകാരന്മാരുടെ 150 ൽ പരം കലാപരിപാടികളാണ് ഈ പത്തുദിവസങ്ങളിലായി ഡിഎച്ച് ഗ്രൗണ്ട് ഉൾപ്പെടെ അഞ്ചു വേദികളിൽ അരങ്ങേറുന്നത്. 27 ന് ഉത്സവത്തിന്റെ ഭാഗമായിയുള്ള മഹാ അന്നദാന ചടങ്ങിന്റെ ഉദ്ഘാടനം ചലച്ചിത്ര താരം പദ്മശ്രീ ഭരത് മമ്മൂട്ടി നിർവഹിക്കും. എറണാകുളം ക്ഷേത്ര മൈതാനത്ത് 30 വരെ അന്നദാനം നൽകുന്നതാണ്. ജനുവരി 28ന് ഉത്സവബലി ചടങ്ങ് നടക്കും. 29 ന് 11 ഗജവീരന്മാരുടെ പകൽപ്പൂരവും, സ്വർണ കുടത്തിൽ കാണിക്കയിടലും, ആറാട്ടു ദിവസം കരിമരുന്നു പ്രയോഗവും ഉണ്ടാകും.

# സബ്സിഡി ഡിഗ്രി കോഴ്സിന് അപേക്ഷിക്കാം

**ബത്തേരി:** ഗ്രാമപഞ്ചായത്ത് മേഖലയിൽ സ്ഥിര താമസക്കാരായവർക്ക് പഞ്ചായത്തിന്റെ ശുപാർശ കത്ത്, ആധാർ, എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി തുല്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ജില്ലാ കോഓർഡിനേറ്റർ, ജില്ലാ സാക്ഷരതാ മിഷൻ, സിവിൽ സ്റ്റേഷൻ വയനാട് എന്ന വിലാസത്തിൽ ജനുവരി 28 വരെ അപേക്ഷ നൽകാം. അവധി ദിവസങ്ങളിലാണ് ക്ലാസുകൾ നടക്കുക.




# ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് കാർഡിയോളജി സുവർണ ജൂബിലിയ്ക്ക് തുടക്കം

**തിരുവനന്തപുരം:** മൂന്ന് ദിവസത്തെ ദേശീയ കാർഡിയോളജി സമ്മേളനത്തോടെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ കാർഡിയോളജി വിഭാഗത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു.സുവർണ ജൂബിലിയുടെ ഉദ്ഘാടനം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി നിർവ്വഹിച്ചു. ക്ലിനിക്കൽ മികവ്, ഗവേഷണം, നവീകരണം, രോഗികേന്ദ്രിത പരിചരണം എന്നിവ വഴി കൈവരിച്ച നേട്ടങ്ങളാണ് കാർഡിയോളജി വിഭാഗത്തിന്റെ അമ്പത് വർഷത്തെ യാത്രയെ അടയാളപ്പെടുത്തുന്നതെന്ന് ഡോ. സഞ്ജയ് ബെഹാരി പറഞ്ഞു. കാർഡിയോളജി വിഭാഗം സീനിയർ പ്രൊഫസറും, ഡിപ്പാർട്ട്മെന്റ് മേധാവിയുമായ ഡോ. എസ്. ഹരികൃഷ്ണൻ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി പ്രസിഡന്റ് ക്രിസ് ഗോപാലകൃഷ്ണൻ, മുൻ ഡയറക്ടർമാരായ ഡോ. അജിത് കുമാർ വി.കെ, ഡോ. ജഗൻ മോഹൻ തരകൻ, കാർഡിയോളജി വിഭാഗം മുൻ മേധാവി ഡോ. കെ.ജി. ബാലകൃഷ്ണൻ, കാർഡിയോളജി വിഭാഗം പ്രൊഫസർ ഡോ. കെ.കെ. നാരായണൻ നമ്പൂതിരി, കാർഡിയോളജി വിഭാഗത്തിലെ സീനിയർ പ്രൊഫസറും മുൻ മേധാവിയുമായ ഡോ. കെ.എം. കൃഷ്ണമൂർത്തി, കാർഡിയോളജി മേധാവിയും സീനിയർ പ്രൊഫസറുമായ ഡോ. എസ്. ഹരികൃഷ്ണൻ; കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സെക്രട്ടറി പ്രൊഫ. അഭയ് കരണ്ടികർ, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലെ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവി സുനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.



# നിർമ്മിത ബുദ്ധി വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തണം: ടി.പി.ശ്രീനിവാസൻ

**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ഒൻപതാമത് സ്ഥാപകദിനം ആഘോഷിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുൻ വൈസ് ചെയർമാനും വിദേശകാര്യ വിദഗ്ധനുമായ ടി.പി.ശ്രീനിവാസൻ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ പ്രവർത്തിച്ച സമയത്തെ ഓർമകൾ അദ്ദേഹം സദസുമായി പങ്കുവച്ചു. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ട് താൻ നിർദ്ദേശിച്ച പുതിയ പദ്ധതികൾ കടലാസിൽ മാത്രം ഒതുങ്ങിപ്പോയെന്ന സങ്കടവും അദ്ദേഹം പങ്കുവച്ചു. കേരളത്തിൽ മാറിമാറി വരുന്ന സർക്കാരുകൾ വിദ്യാഭ്യാസ മേഖലയ്ക്ക് വാഗ്ദാനങ്ങൾ മാത്രമാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. സ്വകാര്യ സർവകലാശാലകളുടെ പേരിൽ തന്നെ ആക്രമിച്ച അതേ ഇടതുപാർട്ടികൾ തന്നെ പിൽക്കാലത്ത് സ്വകാര്യ സർവകലാശാലയ്ക്ക് അനുകൂലമായി നിലപാട് സ്വീകരിച്ചതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിർമിത ബുദ്ധിയുടെ കടന്നുവരവ് വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് അതിനെ പരമാവധി പ്രയോജനപ്പെടുത്തുകയെന്നതാണ് വിദ്യാർഥികൾ ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

സർവകലാശാല വൈസ് ചാൻസിൽ പ്രൊഫ. ടി. അശോകൻ ചടങ്ങിൽ അധ്യക്ഷനായി. ചിന്മയ മിഷൻ ആഗോള അധ്യക്ഷനും, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ചാൻസിലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി ഓൺലൈനായി അനുഗ്രഹപ്രഭാഷണം നടത്തി. ചടങ്ങിൽ യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തന റിപ്പോർട്ട് അസിസ്റ്റന്റ് റജിസ്ട്രാർ അരുൺ കൃഷ്ണദാസ് അവതരിപ്പിച്ചു. ചിന്മയ വിശ്വവിദ്യാപീഠം ട്രസ്റ്റ് സെക്രട്ടറി ബി.ഭവേഷ് ചടങ്ങിന് സ്വാഗതവും, സർവകലാശാല ഡീൻ സ്റ്റുഡന്റ് അഫയേഴ്സ് ഡോ. സുനിത ഗ്രാന്ധി നന്ദിയും പറഞ്ഞു.

തുടർന്ന് സർവകലാശാലയിലെ വിദ്യാർഥികളുടെ നേതൃത്വത്തിലുള്ള പ്രൊജക്ട് ഗഗൻ ബാൻഡിന്റെ നേതൃത്വത്തിൽ സംഗീത പരിപാടിയും അരങ്ങേറി.




# ഇന്റർകൊളേജിയറ്റ് ഫുട്ബോൾ: കാലടി സംസ്കൃത സർവ്വകലാശാല ജേതാക്കൾ

**കൊച്ചി:** ദേശീയ സാംസ്കാരികോത്സവത്തിന്റെ ഭാഗമായി ഫിസാറ്റ് ബിസിനസ് സ്കൂളിന്റെ നേതൃത്വത്തിൽ അങ്കമാലി മൂക്കന്നൂരിലുള്ള ഫിസാറ്റ് ഫുട്ബോൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഇന്റർകൊളേജിയറ്റ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ജേതാക്കളായി. 27 ടീമുകൾ പങ്കെടുത്ത ചാമ്പ്യൻഷിപ്പിൽ ആതിഥേയരായ ഫിസാറ്റ് ബിസിനസ് സ്കൂളിനെതിരെ ഫൈനലിൽ, രണ്ടിനെതിരെ നാല് ഗോളുകൾ നേടിയാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ചാമ്പ്യൻഷിപ്പ് നേടിയത്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് വേണ്ടി ആരോമൽ രണ്ടും, ഡോൺ മാർട്ടിൻ, വൈശാന്ത് എന്നിവർ ഓരോ ഗോളും നേടി. ചാമ്പ്യൻഷിപ്പിലെ മികച്ച താരമായി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഡോൺ മാർട്ടിനെ തെരഞ്ഞെടുത്തു.

## സംസ്കൃത സർവ്വകലാശാലയിൽ ഓവർസീയർ (ഇലക്ട്രിക്കൽ) ഒഴിവ്; വാക്ക് ഇൻ ഇന്റർവ്യൂ 22ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഓവർസീയർ ഗ്രേഡ്രണ്ട് (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി കാലടി മുഖ്യകാമ്പസിൽ ജനുവരി 22ന് രാവിലെ 11ന് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. ഒഴിവുകളുടെ എണ്ണം ഒന്ന്.

യോഗ്യത

1. ബന്ധപ്പെട്ട വിഷയത്തിൽ (ഇലക്ട്രിക്കൽ) ഉള്ള 3 വർഷത്തെ അംഗീകൃത ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത അല്ലെങ്കിൽ

2. എസ്. എസ്. എൽ. സി അഥവാ തത്തുല്യ യോഗ്യതയും താഴെ പറയുന്ന ഏതെങ്കിലും യോഗ്യതയും കൂടി ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്.

a. കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് (ദ്വിവൽസര കോഴ്സ്) അല്ലെങ്കിൽ

b. ഇന്ത്യ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/സെന്റർ എന്നിവയിലെ 18 മാസത്തെ കോഴ്സിൽ ഡ്രാഫ്റ്റ്സ്മാൻ ട്രേഡിൽ (6 മാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് ഉള്ള) ഡ്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള ഡിപ്ലോമ.

കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. പ്രായപരിധി : 18-36. എസ്. സി, എസ്. ടി. മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾക്കുള്ള സാധാരണ ഇളവുകൾ ബാധകമായിരിക്കും. പ്രതിമാസ വേതനം : 20,760/

യോഗ്യരായ ഉദ്യോഗാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെയും പ്രവർത്തി പരിചയ സർട്ടിഫിക്കറ്റുകളുടെയും അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡേറ്റയും സഹിതം അന്നേ ദിവസം രാവിലെ 10.30ന് സർവ്വകലാശാല ആസ്ഥാനത്ത് ഹാജരാകണമെന്ന് സർവ്വകലാശാല അറിയിച്ചു.

# യാത്രയ്ക്കിടെ കുഞ്ഞിന് അപസ്മാരം; രക്ഷകരായി കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവറും കണ്ടക്ടറും

**കൊച്ചി:** യാത്രക്കിടെ അപസ്മാരമുണ്ടായ പിഞ്ചുകുഞ്ഞിനെ ബസിൽ എറണാകുളം വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പാക്കി കെ.എസ്.ആർ.ടി.സി ജീവനക്കാർ. തിരുവനന്തപുരത്ത് നിന്നും പാലക്കാടേക്ക് പോകുകയായിരുന്ന കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസിൽ ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നേകാലോടെയായിരുന്നു സംഭവം. ദേശീയ പാതയിൽ കുണ്ടന്നൂരിന് സമീപം ബസ് എത്തിയപ്പോളാണ് തിരുവനന്തപുരത്ത് നിന്നും തൃശ്ശൂരിലേക്ക് പോകുന്നതിന് ബസിൽ കയറിയ ദമ്പതികളുടെ പത്ത് മാസം പ്രായമായ കുഞ്ഞിന് അപസ്മാരമുണ്ടായത്. പനി ശക്തമായതോടെയാണ് അതിനൊപ്പം അപസ്മാരവുമുണ്ടായത്. കുഞ്ഞിന്റെ അവസ്ഥ കണ്ട് മാതാപിതാക്കളും വെപ്രാളത്തിലായതോടെ ബസിൽ എല്ലാവരും പരിഭ്രമത്തിലായി. കൂട്ടക്കരച്ചിലിലേക്ക് കാര്യങ്ങളെത്തി. സംഭവം കണ്ട് കണ്ടക്ടർ സുനിൽ സമയോചിതമായി ഇടപെട്ട് ഡ്രൈവറെ കാര്യം ധരിപ്പിച്ചു. ഈ സമയം ബസ് കുണ്ടന്നൂർ പിന്നിട്ടിരുന്നു. ഉടനെ ഡ്രൈവർ പ്രേമൻ ബസ് തിരിച്ച് വി.പി.എസ് ലേക്ഷോറിലേക്ക് എത്തിക്കുകയായിരുന്നു

കെ.എസ്.ആർ.ടി.സി ബസ് ആശുപത്രി പരിസരത്തേക്ക് കടന്നുവരുന്നത് കണ്ടതോടെ ജീവനക്കാർ ഓടിയെത്തി. പാഞ്ഞെത്തിയ ബസ് ആശുപത്രി മുറ്റത്ത് നിർത്തി. കാര്യം മനസിലാക്കിയ ആശുപത്രി ജീവനക്കാർ കുഞ്ഞിനെയുമെടുത്ത് അത്യാഹിത വിഭാഗത്തിലേക്ക് പാഞ്ഞു. ഡോക്ടർമാർ ഉൾപ്പെടെ ആരോഗ്യപ്രവർത്തകരുടെ സംഘം ഉടൻ ആവശ്യമായ പരിചരണം നൽകി കുഞ്ഞിന്റെ സുരക്ഷ ഉറപ്പാക്കി. നിലവിൽ തുടർചികിത്സക്കായി കുഞ്ഞിനെ ആശുപത്രിയിൽ പീഡിയാട്രിക് വിഭാഗത്തിന് കീഴിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ബസിൽ വെച്ച് വലിയ തോതിൽ കുഞ്ഞ് കരഞ്ഞെന്നും അപസ്മാരം വന്ന് ചുണ്ട് ഒരുഭാഗത്തേക്ക് വലിഞ്ഞുനിൽക്കുന്നത് പോലുള്ള സ്ഥിതിയുണ്ടായിയെന്നും കുട്ടിയുടെ പിതാവ് പറഞ്ഞു. ബസിലുണ്ടായിരുന്നവർ ഉടൻ ഒരു താക്കോൽ കുഞ്ഞിന്റെ കൈയിൽ പിടിപ്പിച്ചു. ബസുകാർ ഉടനെ തന്നെ ആശുപത്രിയിലേക്ക് പുറപ്പെടുകയും ചെയ്തുവെന്നും അദ്ദേഹം വ്യക്തമാക്കി. കുഞ്ഞിന്റെ അവസ്ഥ കണ്ടപ്പോൾ പിന്നീട് ഒന്നും നോക്കാനുണ്ടായിരുന്നില്ലെന്നും ഉടൻ ആശുപത്രിയിലേക്ക് പോകാൻ തീരുമാനിക്കുകയായിരുന്നുവെന്നും കണ്ടക്ടർ സുനിൽ പറഞ്ഞു.



# കാൻക്യൂർ സാന്ത്വനം ശ്രീരാഗം സംഘടിപ്പിച്ചു

**കൊച്ചി:** കാൻക്യൂർ സാന്ത്വന കേന്ദ്രം അഞ്ച് വർഷം പൂർത്തിയാക്കിയതിന്റേയും 15,000 സൗജന്യ ഡയാലിസിസ് ചികിത്സകൾ പൂർത്തിയാക്കിയതിന്റേയും ആഘോഷം കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. എതിർപ്പുകളെ അനുകൂലമാക്കുകയും എതിർത്തവരെ കൂടെ ചേർക്കുകയും ചെയ്ത പാരമ്പര്യമാണ് കാൻക്യൂറിന്റേതെന്ന് അദ്ദേഹം പറഞ്ഞു. കാൻ ക്യൂറിന്റെ പങ്കാളികൾ തന്നെയാണ് ബ്രാന്റ് അംബാസിഡർമാരെന്നും ഹൈബി ചൂണ്ടിക്കാട്ടി. എം എൽ എമാരായ കെ എൻ ഉണ്ണികൃഷ്ണൻ, ടി ജെ വിനോദ്, മേയർ വി.കെ. മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയി, ഇൻഡസ്ട്രീസ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്, കാൻക്യൂർ ഫൗണ്ടേഷൻ സെക്രട്ടറി ആർ. മാധവ് ചന്ദ്രൻ, റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി.എൻ രമേശ്,കാൻക്യൂർ പ്രസിഡന്റ് ഡോ. ജുനൈദ് റഹ്മാൻ ,പ്രോഗ്രാം കമ്മിറ്റി ചെയർമാൻ രാജ് മോഹൻ നായർ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന 'സാന്ത്വനം ശ്രീരാഗം' സംഗീത സന്ധ്യക്ക് ഗായകൻ എം ജി ശ്രീകുമാർ നേതൃത്വം നൽകി.

സ്ഥിരം ഗാനമേളകളിൽ നിന്നും വ്യത്യസ്തമായി സദസ്സുമായി സംവദിച്ച് ഗാനങ്ങളുണ്ടായ വഴികൾ വിവരിച്ച് പാടി അവതരിപ്പിക്കുന്ന രീതിയിലാണ് സാന്ത്വനം ശ്രീരാഗം സംഘടിപ്പിച്ചത്.

# നിർമലാകോളേജിൽ ദ്വിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു

**മുവാറ്റുപുഴ:** നിർമലാകോളേജ് ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടക്കൽ ആര്യവൈദ്യശാലയുടെ സഹകരണത്തോടെ കോട്ടയം ആസ്ഥാനമായുള്ള സെന്റർ ഫോർ ഇന്റഗ്രേറ്റീവ് ബയോളജി ആന്റ് ഇക്കളോജിക്കൽ സയൻസും താമരശ്ശേരി രൂപത ഇൻസ്റ്റിട്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ എത്തിക്സും ചേർന്ന് ദ്വിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. സസ്യ ജൈവവൈവിധ്യവും കാലാവസ്ഥാ വ്യതിയാനവും എന്ന വിഷയത്തിലായിരുന്നു സെമിനാർ. ജവഹർലാൽ നെഹ്റു സർവകലാശാല മുൻ പ്രൊഫസറും കോളേജ് മാനേജരുമായ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസങ്ങളിലായി നടന്ന സെമിനാറിന്റെ ആദ്യ ദിനത്തിൽ ലിങ്കൺ യൂണിവേഴ്സിറ്റി (യുഎസ്) അസോസിയേറ്റ് പ്രൊഫ. ഡോ. ബാബു വള്ളിയോടൻ പ്ലീനറി പ്രഭാഷണം നടത്തി. വിള മെച്ചപ്പെടുത്തലിൽ പാൻജീനോമിക്സിന്റെ സാധ്യതകളും പ്രായോഗിക പ്രാധാന്യവും വിശദീകരിച്ച പ്രഭാഷണം ഗവേഷകരിലും വിദ്യാർഥികളിലും വലിയ സ്വാധീനം ചെലുത്തി. കാലിക്കറ്റ് സർവകലാശാല ബോട്ടണി വിഭാഗം പ്രൊഫ. ജോസ് ടി. പുത്തൂർ ചെടികൾ മണ്ണിലെ വിഷാംശത്തെ പ്രതിരോധിക്കുന്ന രീതികളെപ്പറ്റി ക്ലാസ്സ് നയിച്ചു. തുടർന്ന് സസ്യ വൈവിധ്യ സംരക്ഷണം, കാലാവസ്ഥാ മാറ്റം, ഭക്ഷ്യസുരക്ഷ എന്നീ വിഷയങ്ങളിലായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗവേഷകർ അവരുടെ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കാസർകോട് കേന്ദ്ര സർവകലാശാല പ്രൊഫ. ഡെന്നീസ് തോമസ് ടി, ഡൽഹി സർവകലാശാല അസോ. പ്രൊ. ഡോ. അജയ്കുമാർ, കോട്ടക്കൽ ആര്യ വൈദ്യശാല ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടർ ഡോ. ഗീത എസ് പിള്ള എന്നിവർ രണ്ടാം ദിവസം വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ ജസ്റ്റിൻ കെ കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. സ്പൈസസ് ബോർഡ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഡോ. ജോൺസി മണിത്തോട്ടം മുഖ്യ സന്ദേശം നൽകി. ബർസാർ ഫാ. പോൾ കളത്തൂർ, വൈസ് പ്രിൻസിപ്പൽ ഡോ. ജിജി കെ ജോസഫ്, ഡോ. സോണി കുര്യാക്കോസ്, ബോട്ടണി വിഭാഗം മേധാവി ഡോ. ജീനാ ജോർജ്ജ്, സെമിനാർ കൺവീനർമാരായ സിന്ധു റേച്ചൽ ജോയി, ഡോ. ആമോസ് പി തോമസ്, ഡോ. അഞ്ജു ടി, കീർത്തന എം എസ്, ഐ ക്യു എ സി കോർഡിനേറ്റർ ഡോ. ജിജോ വി ജെ, റിസർച്ച് ഡീൻ ഡോ. ജൂലിയ ഇമ്മാനുവൽ എന്നിവർ സെമിനാറിന് നേതൃത്വം നൽകി. ഓൺലൈനും ഓഫ്ലൈനുമായി നടന്ന അന്താരാഷ്ട്ര സെമിനാറിൽ വിവിധ സർവകലാശാലകളിൽ നിന്നായി 150 ഓളം വിദ്യാർഥികളും, ഗവേഷകരും പങ്കെടുത്തു.



# പ്രേതങ്ങളുടെ വടക്കൻപാട്ടുകൾ; കൊളോണിയൽ ക്രൂരതകളുടെ ശേഷിപ്പികളുമായി ദ ഗോസ്റ്റ് ബാലഡ്

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെ 2025ന്റെ വേദിയായ ഫോർട്ട്കൊച്ചി പെപ്പർ ഹൗസിലെ ഒന്നാംനിലയിൽ ആദ്യം കയറുമ്പോൾ കുറച്ചു പേർ സംഗീതോപകരണങ്ങളുമായി നിൽക്കുന്നത് കാണാം. ആദ്യകാഴ്ചയിൽ അത് മനുഷ്യനായി തോന്നാമെങ്കിലും അടുത്തടുത്ത് ചെല്ലുമ്പോൾ നിഴലായും പ്രതിമയായും ഈ കാഴ്ച കാണികളെ ആശയക്കുഴപ്പത്തിലാക്കും. നന്നേ അടുത്ത് ചെല്ലുമ്പോഴാണ് അത് കേവലം വസ്ത്രങ്ങൾ മാത്രം തൂക്കിയിട്ടിരിക്കുന്നതാണെന്ന് മനസിലാകുന്നത്. ശരീരമില്ലെന്ന് മാത്രമേയുള്ളൂ വസ്ത്രങ്ങൾ തന്നെ ഗിത്താറും മറ്റ് സംഗീതോപകരണങ്ങളും പിടിച്ചിരിക്കുന്നു. ഇന്തോനേഷ്യൻ കലാകാരനും സംഗീതജ്ഞനുമായ ജോംപെറ്റ് കുസ്വിദനന്തോ ഒരുക്കിയ 'ദ ഗോസ്റ്റ് ബാലഡ്' എന്ന ഇൻസ്റ്റലേഷൻ ബിനാലെ ആറാം ലക്കത്തിലെ ഏറ്റവും ശ്രദ്ധയാകർഷിക്കുന്ന കലാപ്രതിഷ്ഠയെന്ന് നിസ്സംശയം പറയാം. പോർച്ചുഗീസ് ഭരണത്തിലെ ക്രൂരകൃത്യങ്ങൾ ഒരു പോലെ അനുഭവിച്ച ജനതയാണ് ഇന്തോനേഷ്യയും ഇന്ത്യയിലെ പഴയ കോളനികളും. ഈ കാലത്ത് അനുഭവിച്ച ക്രൂരതയുടെ വിഷാദഭരിതവും വേട്ടയാടുന്നതുമായ സംഗീതമാണ് കലാപ്രതിഷ്ഠയുടെ കാതൽ. കൊളോണിയൽ കാലഘട്ടത്തിലെ ആഘാതങ്ങളെ ചലനങ്ങളിലൂടെ പുനരാവിഷ്കരിക്കുകയാണ് സൃഷ്ടി. പ്രേതങ്ങൾ അണിനിരക്കുന്നതും ഗിറ്റാർ വായിക്കുന്നതും ചെണ്ട കൊട്ടുന്നതും പാടുന്നതുമെല്ലാം ദൃശ്യമാണ്. മുഖമില്ലാത്ത, ശരീരഭാഗങ്ങൾ നഷ്ടപ്പെട്ട, സ്കാർഫ് പുതച്ച പൊള്ളയായ രൂപങ്ങൾ സൃഷ്ടിക്കുന്ന നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഡ്രം മുഴങ്ങുന്നതും ഗിറ്റാറിന്റെ തന്ത്രികൾ ഉണരുന്നതും മുറിഞ്ഞ കൈത്തണ്ടകളിൽ പിടിച്ചിരിക്കുന്ന മൈക്കുകളിലൂടെ ഒഴുകിവരുന്ന ഗാനങ്ങളും ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. തറയിൽ വെച്ചിരിക്കുന്ന സ്പീക്കറുകളിലൂടെ ഇന്തോനേഷ്യൻ ഭാഷയിൽ അവിടുത്തെ മനുഷ്യരുടെയും സംഗീത ചരിത്രത്തിന്റെയും കഥകൾ വിവരിക്കുന്നുണ്ട്.

ആദ്യത്തെ രൂപത്തിന് സമീപത്തുകൂടി നടക്കുമ്പോൾ അവന്റെ നെഞ്ചിൽ തൂങ്ങിക്കിടക്കുന്ന തടി ഗിറ്റാറിൽ നിന്നും പുറപ്പെടുന്ന നേർത്ത ശബ്ദം അടുത്തേക്ക് ചെല്ലുമ്പോൾ മാത്രം കേൾക്കാവുന്ന രീതിയിൽ ഇൻസ്റ്റലേഷനും സന്ദർശകനും തമ്മിൽ ആത്മബന്ധം സ്ഥാപിക്കുന്നു എന്നാണ് ജോംപെറ്റ് പറയുന്നത്. കൊച്ചിയിലെ സൃഷ്ടി കൊളോണിയൽ കാലഘട്ടത്തിലെ സംഗീതത്തിന്റെ ചരിത്രമാണ് പറയുന്നത്. അക്കാലത്ത് മനുഷ്യർ നിർബന്ധിതമായി കുടിയൊഴിപ്പിക്കപ്പെട്ടപ്പോൾ സംഗീതം അവരുടെ അതിജീവനത്തിനുള്ള മാർഗ്ഗമായും പ്രതിഷേധത്തിന്റെ പ്രതീകമായും മാറി. പോർച്ചുഗലിൽ ഉത്ഭവിച്ച 'ഫാഡോ' വിലാപത്തിന്റെയും നഷ്ടങ്ങളുടെയും കടലിന്റെയും ആവിഷ്കാരമായാണ് പാടുന്നത്. പോർച്ചുഗീസുകാർ ഇന്തോനേഷ്യയിൽ എത്തിയപ്പോൾ അവരോടൊപ്പം വന്ന ഫാഡോയുടെ വകഭേദമായാണ് ജാവയിൽ പിന്നീട് തരംഗമായി മാറിയ 'കെറോൺചോംഗ്' രൂപപ്പെട്ടത്.

ഇൻസ്റ്റലേഷനിലെ ഓരോ രൂപവും ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ, വാദ്യോപകരണങ്ങൾ പിടിച്ചിരിക്കുന്ന രീതി, ഇന്തോനേഷ്യൻഇന്ത്യൻ വസ്ത്രധാരണ രീതികൾ എന്നിവയെല്ലാം ശ്രദ്ധേയമാണ്. ചിലർ മുട്ടുകുത്തി നിൽക്കുന്നു, ചിലർ ഇരിക്കുന്നു, മറ്റുചിലർ കപ്പൽ യാത്രയിലെന്നപോലെ ഒഴുകി നീങ്ങുന്നു. ഓരോ രൂപത്തിനും അരികിലായി ഓരോ ജോഡി പാദരക്ഷകൾ കാണാം. പുതിയ ഇടങ്ങളിലേക്ക് ഒഴുകിനീങ്ങിയ ശരീരങ്ങളെയും കടൽ യാത്രികരെയും സൂചിപ്പിക്കുന്നു.

ഇന്തോനേഷ്യയിൽ നിന്നുള്ള ഗിവിംഗ് ടോപ്പോയും ഗോവയിൽ നിന്നുള്ള നാദിയ റിബെല്ലോയും ആലപിക്കുന്ന ഗാനങ്ങൾ പോർച്ചുഗീസ് അധിനിവേശം നേരിട്ട ഇന്തോനേഷ്യയുടെയും ഇന്ത്യയുടെയും ചരിത്രത്തെ തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്.

# ജപ്പാൻ ജ്വരത്തിനെതിരായ വാക്സിൻ തികച്ചും സുരക്ഷിതം

**കോഴിക്കോട്:** ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരെ മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സ്കൂളികളിലും അങ്കണവാടികളിലും ജനുവരി 15 മുതൽ നൽകിവരുന്ന വാക്സിൻ തികച്ചും സുരക്ഷിതമാണെന്നും വളരെ അപൂർവ്വമായി ചെറിയ പാർശ്വഫലങ്ങൾ ഉണ്ടാകാമെങ്കിലും അവ താനേ സുഖപ്പെടുന്നവയാണെന്നും സംസ്ഥാനതല ഇമ്മ്യൂണൈസേഷൻ സാങ്കേതിക സമിതി വിലയിരുത്തിയതായി ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ കെ.ജെ റീന അറിയിച്ചു.

രാജ്യത്ത് 2006 മുതൽ ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുന്നുണ്ട്. രാജ്യത്ത് പ്രസ്തുത വൈറസ് സാന്നിധ്യം കൂടുതലായി കണ്ടെത്തിയിട്ടുള്ള 231 ജില്ലകളിൽ 9 മാസം പ്രായം മുതലുള്ള കുഞ്ഞുങ്ങൾക്ക് കേന്ദ്രസർക്കാർ വിതരണം ചെയ്യുന്ന ഈ വാക്സിൻ സൗജന്യമായി നൽകിവരുന്നുണ്ട്. പതിയെ ഇത് രാജ്യത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് ദേശീയതലത്തിൽ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരെ കേരളത്തിൽ ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലും 2009 മുതൽ തന്നെ ജപ്പാൻ ജ്വരത്തിനെതിരെ വാക്സിൻ കുട്ടികൾക്ക് നൽകിവരുന്നുണ്ട്. വാക്സിനേഷൻ നൽകിവരുന്ന ജില്ലകളിൽ ഇതുവരെ ഒരു കുട്ടിക്കും ഗുരുതരമായ പാർശ്വഫലങ്ങൾ കണ്ടെത്തിയിട്ടില്ല.

നിലവിൽ മലപ്പുറം, കോഴിക്കോട് ജില്ലകളിലെ രണ്ടുകുട്ടികളിൽ കണ്ടെത്തിയ ലഘുവായ പാർശ്വഫലങ്ങൾ വാക്സിൻ മൂലമാണെന്ന് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല കുട്ടികളുടെ ആരോഗ്യനില സാധാരണമാണെന്നു സാങ്കേതിക സമിതി വിലയിരുത്തി. എങ്കിലും മുൻപ് പനിമൂലമുള്ള അപസ്മാരം ബാധിച്ചിട്ടുള്ള കുട്ടികളെ തത്കാലം സ്കൂളുകളിൽ വാക്സിനേഷൻ നല്കുന്നതിൽനിന്നു ഒഴിവാക്കാനും അവർക്കു ആശുപത്രിയിൽ വച്ച് മാത്രം വാക്സിൻ നൽകാനും സമിതി ശുപാർശ ചെയ്തു. കൂടാതെ വാക്സിൻ എടുക്കുന്ന എല്ലാ കുട്ടികൾക്കും വയസിനനുസരിച്ച് ഒരു ഡോസ് പാരസെറ്റമോൾ ഗുളിക കൂടി നൽകാനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന ഒരു വൈറൽ രോഗമാണ് ജപ്പാൻ മസ്തിഷ്ക ജ്വരം. പന്നി, കന്നുകാലികൾ, എരുമ, പോത്ത് ചിലയിനം പക്ഷികൾ എന്നിവയിലാണ് ഈ വൈറസുകൾ സാധാരണയായി കാണപ്പെടുന്നത്. എന്നാൽ ഈ പക്ഷിമൃഗാദികളിൽ ഇത് രോഗകാരണമാകുന്നില്ല. രോഗാണു വാഹകരായ ജന്തുക്കളെ കടിച്ച കൊതുകുകൾ മനുഷ്യനെ കടിക്കുമ്പോൾ ഈ വൈറസുകൾ മനുഷ്യരിലേക്ക് പകരുകയും മനുഷ്യന് രോഗബാധയുണ്ടാകുകയും ചെയ്യും.

പനി, ശരീരവേദന, തലവേദന തുടങ്ങി തലച്ചോറിനെ ബാധിക്കുന്ന ഗുരുതരമായ എൻസെഫലൈറ്റിസ് വരെയാകും ജപ്പാൻ ജ്വരത്തിന്റെ രോഗലക്ഷണങ്ങൾ. രോഗം ബാധിച്ചാൽ 15-30% വരെ ആളുകൾക്ക് മരണം വരെ സംഭവിക്കുവാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച കുട്ടികൾക്ക് രോഗം ഭേദമായാലും ഭാവിയിൽ അപസ്മാരം, ബുദ്ധിക്കുറവ്, നാഡീസംബന്ധമായ രോഗങ്ങൾ എന്നിവ ഉണ്ടാകാനുള്ള സാധ്യതയും കൂടുതലാണ്. 15 വയസ്സിൽ താഴെയുള്ള കുട്ടികളിലും 60 വയസ്സിനുമുകളിൽ പ്രായമുള്ളവരിലുമാണ് ഗുരുതരമായ രോഗലക്ഷണങ്ങൾ കാണപ്പെടുന്നത്.

മേൽപ്പറഞ്ഞ ജന്തുക്കളിൽ വൈറസ് പെരുകി വളരുന്നതിനാലും അവയിൽ രോഗലക്ഷണങ്ങൾ ഉണ്ടാകാത്തതിനാലും രോഗാണുനിർമ്മാർജ്ജനം നിലവിൽ സാധ്യമല്ല. എന്നാൽ കൊതുകു നിയന്ത്രണവും പ്രതിരോധ കുത്തിവയ്പ്പും വഴി മനുഷ്യരിലെ രോഗബാധ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും. ഈ സാഹചര്യത്തിൽ ജപ്പാൻ ജ്വരത്തിനെതിരായ വാക്സിൻ ഒരു അനുഗ്രഹമാണ്. ഇത്തരം മേഖലകളിൽ ഇനിയും ദീർഘകാലം ജീവിക്കേണ്ട കുട്ടികൾക്ക് വാക്സിനേഷൻ നൽകി സംരക്ഷിക്കുന്നത് എല്ലാവരുടെയും കടമയാണ്.

ജപ്പാൻ മസ്തിഷ്ക ജ്വരത്തിനെതിരായ വാക്സിൻ കുട്ടികൾക്ക് ഗുരുതരമായ ഈ രോഗത്തിനെതിരെ ശക്തമായ പ്രതിരോധശേഷി നൽകുന്നുവെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. സ്വയമേവ മാറുന്ന ലഘുവായ പാർശ്വഫലങ്ങളെ ഭയന്ന് ഈ പ്രതിരോധ കുത്തിവയ്പ് എടുക്കാതിരിക്കുന്നത് വളരെ ഗുരുതരമായ രോഗത്തിനും അതിൻറെ ഭവിഷത്തുകൾക്കും സാധ്യത കൂട്ടുന്നു. നിപ്പ പോലുള്ള മസ്തിഷ്കജ്വരങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിലവിൽ വാക്സിൻ ലഭ്യമായ മസ്തിഷ്കജ്വരത്തിൽനിന്നു കുട്ടികളെ സംരക്ഷിക്കാൻ കഴിയുന്ന ജപ്പാൻ ജ്വരത്തിനെതിരെയുള്ള ഈ വാക്സിൻ എല്ലാ കുട്ടികൾക്കും നല്കേണ്ടത് രക്ഷകർത്താക്കളുടെ ഉത്തരവാദിത്തമാണ്.

ജപ്പാൻ ജ്വരത്തിനു പുറമെ പോളിയോ, ഹെപ്പറ്റൈറ്റിസ് ബി, ബാലക്ഷയരോഗം, വില്ലൻചുമ, കുതിരസന്നി, തൊണ്ടമുള്ള്, ബാക്ടീരിയമൂലമുള്ള മെനിഞ്ചൈറ്റിസ്, അഞ്ചാംപനി, റുബെല്ല, ബാക്ടീരിയമൂലമുള്ള വയറിളക്കം, ന്യൂമോണിയ തുടങ്ങിയ രോഗങ്ങൾക്കെതിരെയാണ് നിൽവിൽ കുട്ടികൾക്ക് വാക്സിനുകൾ നൽകുന്നത്. കൂടാതെ വൈറസ് മൂലമുള്ള ക്യാൻസറുകൾക്കെതിരെ രാജ്യത്തുടനീളം ഉടൻ വാക്സിനേഷൻ ആരംഭിക്കും. വാക്സിനേഷനിലൂടെ പോളിയോ രോഗം തുടച്ചുനീക്കാനും കോടിക്കണക്കിനു കുട്ടികളെ അംഗവൈകല്യത്തിൽനിന്നു സംരക്ഷിക്കാനും കഴിഞ്ഞിട്ടുണ്ട്. വാക്സിനേഷനിലൂടെ തടയാവുന്ന മറ്റെല്ലാ രോഗങ്ങളും വാക്സിനേഷൻ ആരംഭിച്ചതിനുശേഷം നിർമ്മാർജ്ജനത്തിന്റെ ഘട്ടത്തിലേക്ക് എത്തിക്കാനും അതിലൂടെ ശിശു മരണ നിരക്ക് പരമാവധി കുറക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്.

വളരെ സുരക്ഷിതമായ ഈ വാക്സിൻ ലോകാരോഗ്യസംഘടന അടക്കം ശുപാർശ ചെയ്തിട്ടുള്ളതാണ്. വളരെ ലഘുവായതും ഒന്നോ രണ്ടോ ദിവസം കൊണ്ട് പൂർണ്ണമായും ഭേദമാകുന്ന പനി, കുത്തിവയ്പ് ഭാഗത്തുണ്ടാകുന്ന വേദന, ചുവപ്പ്, തടിപ്പ് എന്നിവയാണ് സാധാരണ കണ്ടുവരുന്ന ലഘുവായ പാർശ്വഫലങ്ങൾ. ഗുരുതരമായ പാർശ്വഫലങ്ങളായ ജന്നി വളരെ അപൂർവ്വമായി മാത്രം (ദശലക്ഷത്തിൽ 1 മുതൽ 2 വരെ) കാണപ്പെടുന്നുണ്ട്.

ഈ സാഹചര്യത്തിൽ ജപ്പാൻ ജ്വരത്തിനെതിരെ സർക്കാർ സൗജന്യമായി നൽകുന്ന വാക്സിൻ കുട്ടികൾക്ക് നൽകാൻ രക്ഷാകർത്താക്കൾ മടികാണിക്കരുതെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു. ഇപ്പോൾ 9 മാസം മുതലുള്ള കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകിവരുന്ന ആലപ്പുഴ തിരുവനന്തപുരം ജില്ലകളോടൊപ്പം മലപ്പുറം, കോഴിക്കോട് ജില്ലകളിലും മൂന്ന് മാസത്തിനകം സ്കൂൾ അങ്കണവാടിതല വാക്സിനേഷൻ പൂർത്തിയാക്കിയ ശേഷം പൂർണതോതിൽ നൽകാനാണ് ഉദ്ദേശമെന്ന് ഡയറക്ടർ അറിയിച്ചു.

# വൈബ് ഫോർ വെൽനസ്: ആരോഗ്യ പരിശോധന ഇനി വിരൽത്തുമ്പിൽ

**ബത്തേരി:** ആരോഗ്യ വകുപ്പ് ആരോഗ്യം ആനന്ദം വൈബ് ഫോർ വെൽനസ് ക്യാമ്പയിൻ ജില്ലയിലെ മുഴുവൻ ആളുകൾക്കും സമഗ്ര ഡിജിറ്റൽ ആരോഗ്യ പരിശോധന സൗകര്യം ഒരുക്കുന്നു. ജനങ്ങളിൽ ആരോഗ്യബോധം വർധിപ്പിച്ച് സ്വയം വിലയിരുത്തലിലൂടെ സമയബന്ധിത ഇടപെടലുകൾ സാധ്യമാക്കി സമൂഹത്തിന്റെ സമഗ്ര ആരോഗ്യനില ഉയർത്തുകയാണ് ലക്ഷ്യം. ജീവിതശൈലി രോഗപ്രതിരോധത്തിന് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് അഞ്ച് മിനിറ്റിൽ ഓരോ വ്യക്തികളുടെ ആരോഗ്യനില സ്വയം വിലയിരുത്താൻ health.kerala.care പോർട്ടൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നു.

വ്യക്തിഗത ഡിജിറ്റൽ ഹെൽത്ത് അസിസ്റ്റന്റായി രൂപകൽപന ചെയ്ത പോർട്ടലിലൂടെ വ്യക്തികൾ നൽകുന്ന ദിനചര്യയിൽ നിന്നും ജീവിതശൈലീ രോഗങ്ങൾ തിരിച്ചറിഞ്ഞ് സാധ്യതകൾ വിലയിരുത്താൻ സഹായിക്കും. ഇതിലൂടെ സമയബന്ധിതമായ ആരോഗ്യപരിപാലന നടപടികൾ സ്വീകരിക്കാനും സാധിക്കും. പോർട്ടലിലൂടെ ശരീരഭാര സൂചിക കണക്കാക്കി ആരോഗ്യ സൂചനകൾ മനസ്സിലാക്കി രക്തസമ്മർദ്ദ മൂല്യങ്ങൾ രേഖപ്പെടുത്തി സാധാരണ പരിധിയിലാണോ വിദഗ്ധ പരിശോധന ആവശ്യമായ അവസ്ഥയാണോ എന്ന് തിരിച്ചറിയാൻ കഴിയും. പോർട്ടലിൽ ഫാസ്റ്റിങ്, പോസ്റ്റ് പ്രാൻഡിയൽ ബ്ലഡ് ഷുഗർ മൂല്യങ്ങൾ നൽകി പ്രമേഹത്തിന്റെ നിലവാരം, സാധ്യതകൾ സ്വയം വിലയിരുത്തി മുൻകരുതലുകൾ സ്വീകരിക്കാം.

സമഗ്ര ആരോഗ്യ റിസ്ക് അസസ്മെന്റിലൂടെ അഞ്ച് മിനുട്ടിനകം ജീവിതശൈലീ രോഗസാധ്യതകൾ വിലയിരുത്തി, വ്യക്തിഗത ഭക്ഷണക്രമം, വ്യായാമ നിർദ്ദേശങ്ങൾ എന്നിവ മനസ്സിലാക്കാൻ സാധിക്കും.

ആരോഗ്യ പരിശോധനയ്ക്കൊപ്പം ആരോഗ്യ രംഗത്ത് നടപ്പാക്കുന്ന വിവിധ സേവന സംവിധാനങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വീടിന് സമീപമുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനോടൊപ്പം കേരള ഡിജിറ്റൽ ഹെൽത്ത് മിഷന്റെ ഭാഗമായി നടപ്പാക്കുന്ന യുണിക് ഹെൽത്ത് ഐഡി (യു.എച്ച്.ഐ.ഡി) ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും നൽകിയിട്ടുണ്ട്. ചികിത്സക്ക് പുറമെ രോഗ പ്രതിരോധത്തിന് മുൻതൂക്കം നൽകുന്ന ആരോഗ്യ നയത്തിന്റെ ഭാഗമായാണ് ഡിജിറ്റൽ സംരംഭം നടപ്പാക്കുന്നത്.

# കായൽ കൃഷി ഗവേഷണ കേന്ദ്രം ഡയറക്ടർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** ആലപ്പുഴ നീർക്കുന്നം ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിൽ ഡയറക്ടർ തസ്തികയിലേക്ക് കൃഷി വികസന കർഷക ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. മൂന്ന് വർഷത്തെ കാലാവധിയിലേക്കാണ് നിയമനം നടക്കുന്നത്.

ബയോളജിക്കൽ സയൻസ്, അഗ്രികൾച്ചറൽ സയൻസ്, ആനിമൽ സയൻസ്, മറൈൻ സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി അല്ലെങ്കിൽ സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള മുതിർന്ന ശാസ്ത്രജ്ഞർക്കോ അക്കാദമിക് വിദഗ്ധർക്കോ അപേക്ഷിക്കാം. സയൻസിൽ പിഎച്ച്ഡി ഉണ്ടാകണം. ഇതിന് പുറമെ ബന്ധപ്പെട്ട വിഷയങ്ങളിൽ കുറഞ്ഞത് 20 വർഷത്തെ ഗവേഷണഅധ്യാപന പരിചയവും പിഎച്ച്ഡി സ്കോളർമാർക്ക് മാർഗനിർദേശം നൽകിയുള്ള അനുഭവസമ്പത്തും ഉണ്ടായിരിക്കണം. റിവ്യൂഡ് ജേർണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചവരും അക്കാദമിക്ഗവേഷണ സ്ഥാപനങ്ങൾ നിയന്ത്രിച്ച് പരിചയം നേടിയവരുമായിക്കണം.

അപേക്ഷകർക്ക് 2026 ജനുവരി 31 ന് 65 വയസ്സ് കവിയാൻ പാടില്ല. ഉദ്യോഗാർഥികൾക്ക് തപാൽ വഴിയോ ഇമെയിൽ വഴിയോ അപേക്ഷകൾ സമർപ്പിക്കാം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സർക്കാർ നിശ്ചയിക്കുന്ന ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളുമായിരിക്കും നിയമിക്കപ്പെടുന്ന വ്യക്തിക്ക് ബാധകമാവുക.

ബയോഡേറ്റയും യോഗ്യത തെളിയിക്കുന്ന രേഖകളും സഹിതം ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആന്റ് ഫാർമർ വെൽഫെയർ ഡിപ്പാർട്ട്മെന്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിലാണ് അപേക്ഷ ലഭ്യമാക്കേണ്ടത്. tp1assistantda@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്കും അപേക്ഷ അയക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 വൈകിട്ട് 5 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470027 എന്ന നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാം.

# ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മെൻസ്ട്രുവൽ കപ്പും ഇൻസിനറേറ്ററുകളും വിതരണം ചെയ്യുന്നു

**കൊല്ലം:** പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ മെൻസ്ട്രുവൽ കപ്പും നാപ്കിൻ സംസ്കരണത്തിനുള്ള ഇൻസിനറേറ്ററും വിതരണം ചെയ്യുന്നു. ആർത്തവ ശുചിത്വ ഉത്പന്നങ്ങളുടെ പ്രചാരണവും ആർത്തവ ആരോഗ്യവും ഇതുസംബന്ധിച്ച ബോധവൽക്കരണവും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 20ന് ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കും. കൊല്ലം ജില്ലയിൽ വെളിയംഗ്രാമപഞ്ചായത്തിലെ മുട്ടറ ഗവ. ഹയർ സെക്കൻഡറി & വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന ചടങ്ങിൽ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ആർ. ലതാദേവി അധ്യക്ഷയാകും. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി. എൻ. സീമ പദ്ധതി വിശദീകരണവും കൊല്ലം ജില്ലാ കളക്ടർ എൻ. ദേവീദാസ് ഐ.എ.എസ്. മുഖ്യപ്രഭാഷണവും നടത്തും. വെളിയം ഗ്രാമപഞ്ചായത്ത് ഡിവിഷൻ മെമ്പർ കെ.എസ്. ഷിജുകുമാർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു എസ്., ബ്ലോക്ക് ഡിവിഷൻ മെമ്പർ പത്മാവതിയമ്മ, മുട്ടറ ജി.എച്ച്.എച്ച്.എസ്. പ്രിൻസിപ്പാൾ എസ്. ശ്രീനിവാസൻ എന്നിവർ പങ്കെടുക്കും.

2025-26 ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് എച്ച്.എൽ.എൽ. ലൈഫ് കെയറുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ആർത്തവകാല ഉപയോഗ ശേഷമുള്ള സാനിറ്ററി നാപ്കിനുകളുടെ ശാസ്ത്രീയ സംസ്കരണത്തിന് വിദ്യാർത്ഥിനികൾ കൂടുതലുള്ള സ്കൂളുകളിലും കോളേജുകളിലുമായി 322 ഇടങ്ങളിലാണ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നത്. ഹരിതകേരളം മിഷൻ നടത്തിയ സർവേ അടിസ്ഥാനപ്പെടുത്തി തിരഞ്ഞെടുത്ത സ്കൂളുകളിലും കോളേജുകളിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലുമായി 1.69 ലക്ഷം മെൻസ്ട്രുവൽ കപ്പുകളാണ് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. ഒരു ജില്ലയിലെ അഞ്ച് ഹയർ സെക്കൻഡറി സ്കൂളുകളും എല്ലാ കേളേജുകളും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ഏറ്റെടുത്ത 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുമാണ് ആദ്യഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. സ്കൂളുകളിലും കോളേജുകളിലും മതിയായ ആർത്തവ ശുചിത്വ സംവിധാനങ്ങൾ സജ്ജമാക്കുക, പരിസ്ഥിതി സൗഹൃദ ആർത്തവ ശുചിത്വ ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. പദ്ധതി ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനായി പ്രത്യേക ക്ലാസുകളും ശിൽപശാലകളും ഇതോടൊപ്പം സംഘടിപ്പിക്കുന്നുണ്ട്.




# കേരളം സാങ്കേതികവിദ്യമാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നേറുന്ന വ്യവസായങ്ങൾക്ക് അനുയോജ്യമെന്ന് കെ. എൻ. ബാലഗോപാൽ

**കൊച്ചി:** കാലത്തിന് അനുസരിച്ച് സാങ്കേതികവിദ്യ മാറ്റങ്ങൾ വരുത്തി മുന്നേറുന്ന വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഒരിടമായി കേരളം ഇന്ന് മാറിയെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയിൽ വ്യവസായി മഹാസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിൽ വ്യവസായത്തോടുള്ള മനോഭാവവും വ്യവസായികളുടെ മനോഭാവും വർഷം തോറും കൂടുതകൾ മെച്ചപ്പെട്ട് വന്നുകൊണ്ടിരിക്കുകയാണ്. വ്യവസായത്തിലും ഉൽപ്പന്നങ്ങളിലും കാലത്തിനനുസരിച്ച് മാറ്റങ്ങൾ ഉൾകൊള്ളുമ്പോളാണ് അവയ്ക്ക് വളർച്ച നേടാനാകുക. വളരെ നന്നായി സംഘടിപ്പിച്ച എക്സ്പോയും സംഗമവും സന്ദർശകർക്ക് കണ്ടുമടങ്ങുമ്പോൾ കൂടുതൽ പുതിയ ആശയങ്ങൾ ലഭിക്കുന്നതിൽ സഹായിക്കുന്നുണ്ട്. നല്ല റോഡുകളും എയർപോർട്ടുകളും തുറമുഖങ്ങളുമായി പശ്ചാത്തല സൗകര്യം ഏറ്റവും കൂടുതൽ മെച്ചപ്പെട്ട സംസ്ഥാനമാണ് കേരളം. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ നമ്മുടെ മുന്നേറ്റം കാരണം ഇന്ന് കേരളത്തിലേക്ക് ആളുകൾ തിരിച്ചുവരികയാണ്. അവർ ഇവിടെ വ്യവസായങ്ങൾ തുടങ്ങുകയാണ്. മന്ത്രി പറഞ്ഞു. വ്യവസായികൾക്ക് വേണ്ടിയുള്ള സോഷ്യൽ സെക്യൂരിറ്റിക്ക് ആവശ്യമായ പിന്തുണ സർക്കാരിൽ നിന്ന് ഉണ്ടാകുമെന്നും അതിനു വേണ്ട എല്ലാ പ്രവർത്തങ്ങളും ചെയ്യുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യ പ്രഭാഷണം നടത്തി. കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി കൊച്ചി അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന എക്സ്പോ കേരള വ്യവസായ വകുപ്പിന്റേയും, കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെയും സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷനും, മെട്രോമാർട്ടും ചേർന്നാണ് സംഘടിപ്പിച്ചത്. വൻ ജനസാന്നിധ്യം കണ്ട എക്സ്പോയുടെ രണ്ടാമത് പതിപ്പിൽ പതിനയ്യായിരിത്തോളം ആളുകൾ സന്ദർശിച്ചു. കെഎസ്എസ്ഐഎ സോഷ്യൽ സെക്യൂരിറ്റിയുടെ ഭാഗമായി വ്യവസായം നടത്തി വരവെ മരണമടഞ്ഞ അന്നമ്മ കുര്യന്റെ ഭർത്താവ് വി ജെ കുര്യന് 10 ലക്ഷം രൂപയുടെ ചെക്കും ചടങ്ങിൽ കൈമാറി. കെ.എസ്.എസ്.ഐ.എ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, തൃശ്ശൂർ എം.എസ്.എം.ഇ ഡയറക്ടർ ജി.എസ്. പ്രകാശ്, ബി.പി.എസ്.ടി എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത് കുമാർ, കെഎസ്എസ്ഐഎ മുൻ സംസ്ഥാന പ്രസിഡന്റും മുൻ എംഎൽഎയുമായ വി.കെ.സി. മമ്മദ് കോയ, കെൽട്രോൺ എംഡി വൈസ് അഡ്മിറൽ ശ്രീകുമാരൻ നായർ , കാനറ ബാങ്ക് ജി.എം സുനിൽകുമാർ എസ്, കെ.എസ്.എസ്.എഫ് ചെയർമാൻ ഖാലിദ് എം, കെ.എസ്.എസ്.ഐ.എ മുൻ സംസ്ഥാന പ്രസിഡന്റ് ദാമോദർ അവനൂർ, ഐ.ഐ.ഐ. ഇ 2026 ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ, ഐ.ഐ.ഐ.ഇ സിഇഒ സിജി നായർ, കെ.എസ്.എസ്.ഐ.എ ജനറൽ സെക്രട്ടറി ജോസഫ് പൈകട, കെ.എസ്.എസ്.ഐ.എ സംസ്ഥാന ട്രഷറർ ബി. ജയകൃഷ്ണൻ, കെ.എസ്.എസ്.ഐ.എ സംസ്ഥാന വൈസ് പ്രസിഡന്റുമാരായ പി.ജെ. ജോസ്, ഫസിലുദ്ദീൻ, എ.വി. സുനിൽ നാഥ്, കെ.എസ്.എസ്.ഐ.എ ജോയിന്റ് സംസ്ഥാന സെക്രട്ടറിമാരായ കെ.വി. അൻവർ, എം.എസ്. അനസ്, എം.എം. മുജീബ് റഹ്മാൻ, കെ.എസ്.എസ്.ഐ.എ ചീഫ് ന്യൂസ് എഡിറ്റർ എസ്. സലിം തുടങ്ങിയവർ പങ്കെടുത്തു

# യെസ് ബാങ്കിന്റെ അറ്റാദായത്തിൽ 55.4 ശതമാനം വർധന

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തിൽ യെസ് ബാങ്കിന്റെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 55.4 ശതമാനവും ത്രൈമാസാടിസ്ഥാനത്തിൽ 45.4 ശതമാനവും വർധിച്ച് 952 കോടി രൂപയിലെത്തി. ത്രൈമാസത്തിലെ പ്രവർത്തന ലാഭം വാർഷികാടിസ്ഥാനത്തിൽ 28.7 ശതമാനം വർധിച്ച് 1,389 കോടി രൂപയിലും എത്തിയിട്ടുണ്ട്. ബാങ്കിന്റെ അറ്റ പലിശ വരുമാനം വാർഷികാടിസ്ഥാനത്തിൽ 10.9 ശതമാനം വർധനവോടെ 2,466 കോടി രൂപയിലെത്തി. തുടർച്ചയായ ആറാം ത്രൈമാസത്തിലും ചെലവും വരുമാനവുമായുള്ള അനുപാതം കുറച്ച് 66.1 ശതമാനം എന്ന നിലയിൽ എത്തിച്ചിട്ടുണ്ട്. ബാങ്കിന്റെ നിക്ഷേപങ്ങൾ 5.5 ശതമാനം വാർഷിക വർധനവോടെ 2,92,524 കോടി രൂപയിലെത്തി. കാസ അനുപാതം 34 ശതമാനമെന്ന നിലയിലേക്കും ഉയർന്നു. അറ്റ വായ്പകൾ 5.2 ശതമാനം വാർഷിക വർധനവോടെ 2,57,451 കോടി രൂപയിലും എത്തി. ലാഭക്ഷമതയുടെ കാര്യത്തിലെ വളർച്ചയും ആസ്തി നിലവാരത്തിൽ ശക്തമായ വർധനവുണ്ടായതും അടക്കം വളരെ മികച്ചൊരു ത്രൈമാസത്തിലൂടെയാണ് യെസ് ബാങ്ക് കടന്നു പോയതെന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രശാന്ത് കുമാർ പറഞ്ഞു. വായ്പകളുടെ കാര്യത്തിൽ മുന്നേറ്റം കൈവരിക്കാനായെന്നും കാസ പ്രകടനത്തിൽ മുൻനിരയിൽ നിൽക്കുന്ന പ്രകടനം തുടരാനായെന്നും ഈ മേഖല മൊത്തത്തിൽ നേരിട്ട വെല്ലുവിളികൾക്കിടയിലും കാസയുടെ കാര്യത്തിലുണ്ടായ ഗണ്യമായ ഉയർച്ച നിക്ഷേപങ്ങളുടെ ചെലവിന്റെ കാര്യത്തിൽ മെച്ചപ്പെടുത്തലുകൾ വരുത്താനും സഹായിച്ചതായി അദ്ദേഹം കൂട്ടിച്ചേർത്തു.

# ക്ലാസിക് ലെജൻഡ്സിന്റെ പുതിയ പേറ്റന്റ്

**പുണെ:** മോട്ടോർസൈക്കിളുകളുടെ ഡിസൈൻഫസ്റ്റ് സമീപനം കൂടുതൽ ശക്തിപ്പെടുത്തി ക്ലാസിക് ലെജൻഡ്സ് പുതിയ പേറ്റന്റ് സ്വന്തമാക്കി. 2025 യെസ്ഡി അഡ്വെഞ്ചറിൽ ആദ്യമായി അവതരിപ്പിച്ച ക്രമീകരിക്കാവുന്ന വിസറും സ്പീഡോമീറ്ററും ഉൾപ്പെടുന്ന സംവിധാനത്തിനാണ് പേറ്റന്റ് ലഭിച്ചത്. റൈഡറുടെ ഉയരത്തിനും സുഖകരമായ റൈഡിംഗ് അനുഭവത്തിനും അനുസരിച്ച് ക്രമീകരണം നടത്താൻ ഇത് സഹായിക്കുന്നു, ഓഫ്റോഡിംഗിലും ഉൾപ്പെടെ. 20 വർഷത്തേക്കാണ് പേറ്റന്റിന്റെ കാലാവധി. പ്രായോഗിക പ്രകടന എഞ്ചിനീയറിംഗിനും റൈഡർകേന്ദ്രിത നവീകരണങ്ങൾക്കുമുള്ള കമ്പനിയുടെ പ്രതിബദ്ധതയാണ് ഇതിലൂടെ വീണ്ടും തെളിയിക്കുന്നത്.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com